# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 350 | 27.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

## പെട്രോൾ, ഡീസൽ ഇന്ധനങ്ങൾക്കുള്ള നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.എൻ.എ ഖാദർ | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | പെട്രോൾ, ഡീസൽ ഇന്ധനങ്ങൾക്ക് സംസ്ഥാന സർക്കാർ നിലവിൽ ചുമത്തുന്ന നികുതി എത്ര ശതമാനമാണ് എന്നറിയിക്കുമോ; | (എ) | പെട്രോളിനും ഡീസലിനും സംസ്ഥാന സർക്കാർ ചുമത്തുന്ന വില്പന നികുതിയുടെ നിരക്കുകൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവുമാണ്. ഇതിനു പുറമേ പെട്രോൾ, ഡീസൽ എന്നിവയ്ക്കുമേൽ ലിറ്ററിന് ഓരോ രൂപ അഡീഷണൽ സെയിൽസ് ടാക്സ് ഇനത്തിലും, നികുതിയുടെ ഓരോ ശതമാനം വീതം സാമൂഹ്യ സുരക്ഷാ സെസ് ഇനത്തിലും ഈടാക്കുന്നുണ്ട്. |
| (ബി) | ഈ നികുതിയിൽ റോഡ് സെസ്സ് ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | പെട്രോളിനും ഡീസലിനും മേൽ ചുമത്തുന്ന നികുതിയിൽ റോഡ് സെസ് ഉൾപ്പെട്ടിട്ടില്ല. |
| (സി) | മത്സ്യബന്ധന ബോട്ടുകൾ ഉപയോഗിക്കുന്ന ഇന്ധനങ്ങളുടെ വിലയിൽ റോഡ് സെസ്സ് ഈടാക്കുന്നത് അനീതിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിനായി അയൽ സംസ്ഥാനങ്ങളിൽ ചെയ്യുന്ന പോലെ മത്സ്യബന്ധന മേഖലയിൽ നൽകുന്ന ഡീസലിന് സബ്സിഡി നൽകുമോ? | (സി) | മത്സ്യബന്ധന ബോട്ടുകൾ ഉപയോഗിക്കുന്ന ഡീസലിന്റെ വിലയിൽ റോഡ് സെസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ